# കിഫ്ബി - തലശ്ശേരി - കൂത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതി ജലസംഭരണി നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ - സാമൂഹ്യ ആഘാത പഠനം - അന്തിമ റിപ്പോർട്ട്



**01.12.2021**

**ചെയർമാൻ**
**സാമൂഹ്യാഘാത പഠനയൂണിറ്റ്**
**(കയ്റോസ്, കണ്ണൂർ )**

## ഫോറം നമ്പർ - 6

## ഉള്ളടക്കം

**ഭാഗം-1**

1. പദ്ധതി സംബന്ധമായ വിവരണം
2. സാമൂഹിക ആഘാത പഠന യൂണിറ്റ്
3. ഭൂമി സംബന്ധിച്ച വിവരണവും നിർണ്ണയവും.
4. പഠന വിഷയങ്ങളും പഠനോപാധികളും
5. കണ്ടെത്തലുകൾ
6. പൊതുകേൾക്കൽ

**ഭാഗം-2**

പദ്ധതിയുടെ സാമൂഹ്യ ആഘാതങ്ങൾ

**ഭാഗം-3**

സാമൂഹ്യ ആഘാത പരിഹാര നിർദേശങ്ങൾ

**ഭാഗം- 4**

ശുപാർശ

**അനുബന്ധം**

1. സൈറ്റ് പ്ലാൻ
2. പത്ര പരസ്യം
3. പൊതുകേൾക്കൽ യോഗത്തിന്റെ മിനുട്സ്
4. ചിത്രങ്ങൾ

## കിഫ്ബി - തലശ്ശേരി - കൂത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതി ജലസംഭരണി നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ - സാമൂഹ്യ ആഘാത പഠനം - അന്തിമ റിപ്പോർട്ട്

കണ്ണൂർ ജില്ലയിൽ, തലശ്ശേരി താലൂക്കിലെ ചൊക്ലി, മാങ്ങാട്ടിടം എന്നീ പഞ്ചായത്തുകളിലെയും, പാനൂർ മുനിസിപ്പാലിറ്റിയിലെയും (2015 ൽ പാനൂർ ഗ്രാമപഞ്ചായത്തിനെ അപ്ഗ്രേഡ് ചെയ്ത് കരിയാട്, പെരിങ്ങളം എന്നീ പഞ്ചായത്തുകളെ സംയോജിപ്പിക്കുകയും ചെയ്ത് രൂപീകൃതമായ നഗരസഭ ) ജനങ്ങൾ, നിലവിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി ജലസംഭരണി നിർമ്മിക്കുന്നതിന് തലശ്ശേരി താലൂക്കിലെ പെരിങ്ങളം വില്ലേജിലെ 106/2 ലെ സ്വകാര്യ വ്യക്തികളുടെ ഭൂമി, 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിൽ അനുശാസിക്കുന്ന രീതിയിൽ സാമൂഹ്യ ആഘാത പഠനം നടത്തി, ചുമതലപ്പെട്ട പഠന യൂണിറ്റായ 'കയ്റോസ്' കണ്ണൂർ, തയാറാക്കിയ റിപ്പോർട്ടിന്റെ അന്തിമ രൂപം.

### ഭാഗം-1

1. **ആമുഖം (പദ്ധതി സംബന്ധിച്ച വിവരണം )**

കണ്ണൂർ ജില്ലയിലെ, തലശ്ശേരി താലൂക്കിൽപെട്ട ചൊക്ലി, മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തുകളിലെയും, പാനൂർ മുനിസിപ്പാലിറ്റിയിലെയും ജനങ്ങൾ ശുദ്ധജലക്ഷാമം മൂലം ഏറെ പ്രയാസങ്ങൾ അനുഭവിച്ചു വരികയാണ് നിലവിൽ ഇവിടെയുള്ള ശുദ്ധജല വിതരണ പദ്ധതി, ഇവിടുത്തെ പ്രശ്നം പൂർണമായും പരിഹരിക്കാൻ ഉതകുന്നതല്ലാത്തതിനാൽ, പുതിയ കുടിവെള്ള പദ്ധതി സ്ഥാപിക്കുന്നതിനായി സർക്കാർ മുന്നോട്ടുവന്നിരിക്കുകയാണ്. മേൽ സൂചിപ്പിച്ച പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റിയിലും ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കാൻ ഉതകുന്ന പുഴകൾ ഒന്നും തന്നെയില്ല. ഇതുവഴി ഒഴുകുന്ന, മയ്യഴിപ്പുഴയുടെ ഭാഗമായ പെരിങ്ങത്തൂർ പുഴയിൽ നല്ല മഴക്കാലത്ത് ഒന്നോ രണ്ടോ മാസം മാത്രമേ ശുദ്ധജലം ലഭിക്കുന്നുള്ളൂ. ബാക്കിയുള്ള മുഴുവൻ കാലയളവിലും ഈ പുഴയിൽ ഉപ്പു വെള്ളമാണ്. ഈയൊരു കാരണം കൊണ്ടുതന്നെ, ഈ പ്രദേശത്തെ കിണറുകളിലും തോടുകളിലും ഉപ്പുകലർന്ന വെള്ളം ആയതിനാൽ, ഇവയും ഉപയോഗിക്കാൻ പറ്റുകയില്ല. അതുകൊണ്ടുതന്നെ, കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെടണമെങ്കിൽ, മൈലാടി ജലവിതരണ സംവിധാനത്തെ പ്രയോജനപ്പെടുത്തേണ്ടി വരും. നിലവിൽ മൈലാടി ജലവിതരണ സംവിധാനത്തിലൂടെ തലശ്ശേരി ഭാഗത്തേക്ക് പ്രതിദിനം 36 ലക്ഷം ലിറ്റർ വെള്ളം വിതരണം ചെയ്യുന്നുണ്ട്. ഈ വിതരണത്തിന് ശേഷവും 8.85 ലക്ഷം ലിറ്റർ

വെള്ളം പ്രതിദിനം വിതരണത്തിനായി ബാക്കിയുണ്ടാകുമെന്നു കണക്കാക്കപ്പെടുന്നു. ഇത് ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവിച്ചുവരുന്ന ചൊക്ലി, പെരിങ്ങളം പഞ്ചായത്ത് മേഖലയിലും, പാനൂർ നഗരസഭാ മേഖലകളിലും വിതരണം ചെയ്യാനാകും.

11.89 ച കി മീ വിസ്തീർണമുള്ള ചൊക്ലി പഞ്ചായത്തിൽ നിലവിൽ എല്ലാഭാഗത്തും ഉപ്പുവെള്ളമാണ്. അതുപോലെ 2015 ൽ പാനൂർ പഞ്ചായത്തിനെ അപ്ഗ്രേഡ് ചെയ്ത്, കരിയാട്, പെരിങ്ങളം എന്നീ പഞ്ചായത്തുകളെ സംയോജിപ്പിച്ചു രൂപീകൃതമായ, 28.53 ച . കി. മി വിസ് തീർണമുള്ള പാനൂർ മുനിസിപ്പാലിറ്റിയിലും സ്ഥിതി മറിച്ചല്ല. കണ്ണൂരിൽ നിന്ന് ഏകദേശം 30 കി മി അകലെ സ്ഥിതി ചെയ്യുന്ന തലശ്ശേരി നിയോജക മണ്ഡലത്തിൽപെടുന്ന ഈ മുനിസിപ്പാലിറ്റി ത്വരിത വികസനത്തിന്റെ പാതയിലാണ്. ഈ മുനിസിപ്പാലിറ്റിയുടെ സമീപത്തുള്ള പന്ന്യന്നൂർ, മൊകേരി, മാങ്ങാട്ടിടം എന്നീ പഞ്ചായത്തിലെ ജനങ്ങളും ശുദ്ധജലക്ഷാമം അനുഭവിച്ചു വരുന്നുണ്ട്. ഈ പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റിയിലെയും നിലവിലുള്ള കുടിവെള്ള സ്രോതസ്സായ കിണറുകളിലെ ജലവിതാനം വർഷം കഴിയുംതോറും താഴ്ന്ന് താഴ്ന്ന് വരികയാണ്. ജലനിരപ്പ് താഴുന്നതനുസരിച്ച്, കുടിവെള്ളത്തിന്റെ ഗുണമേന്മയിലും വ്യത്യാസം വന്നുകൊണ്ടിരിക്കുന്നു. ചില പ്രദേശത്തെ കിണറുകളിലെ വെള്ളം തീർത്തും ഉപയോഗശൂന്യമായി മാറുന്നു. കടുത്ത വേനൽ കാലത്ത്, മറ്റു ഗാർഹിക ആവശ്യങ്ങൾക്ക് ഉതകുന്ന വെള്ളം പോലും ഇല്ലാതാകുന്ന ശോച്യാവസ്ഥയിലാണ് ഇവിടുത്തുകാർ. നിലവിൽ ചൊക്ലി, കരിയാട് എന്നീ പഞ്ചായത്തിൽ പഴയ മിനി റൂറൽ വാട്ടർ സപ്ലൈ പദ്ധതിയുണ്ട്. ഇത് നിലവിൽ അമ്പത് കുടുംബങ്ങൾക്ക് വീതം കൊടുക്കാൻ മാത്രമേ ഉതകുന്നുള്ളു. സ്രോതസ്സിൽ ആവശ്യത്തിന് വെള്ളം ലഭ്യമല്ലാത്തതിനാൽ, എണ്ണം വർധിപ്പിക്കാനും സാധിക്കുന്നില്ല. കുടിവെള്ളത്തിന് ഏറ്റവും കൂടുതൽ അത്യാവശ്യമുള്ള വേനൽക്കാലത്ത്, സ്രോതസ്സിൽ വെള്ളം തീരെ ഇല്ലാത്ത അവസ്ഥയാണ്.

നേരത്തെ വ്യക്തമാക്കിയതുപോലെ, ത്വരിത വികസനത്തിന്റെ പാതയിലുള്ള മുനിസിപ്പാലിറ്റിയുടെയും, സമീപ പഞ്ചായത്തുകളുടെയും വർധിച്ചുവരുന്ന മറ്റ് ആവശ്യങ്ങൾക്ക് ജല ലഭ്യത ഇല്ലാത്ത അവസ്ഥയാണ്. പുതിയ വീടുകളും കെട്ടിടങ്ങളും നിർമ്മിക്കുന്നതിനും വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും, ഹോട്ടലുകൾക്കും മറ്റും ഏറെ വെള്ളം ആവശ്യമായി വരുന്നുണ്ട്.

ഇതിനൊരു പരിഹാരമെന്നോണം, നിലവിലുള്ള മൈലാടി ശുദ്ധജല വിതരണകേന്ദ്രത്തിൽനിന്ന് 35 കി മി അകലെയുള്ള കനകമലയിൽ 23LL ശേഷിയുള്ള ഒരു ജലസംഭരണി സ്ഥാപിച്ച്, അവിടേക്ക് വെള്ളം ഒഴുക്കികൊണ്ടുവന്ന്, പമ്പുഹൗസിലേക്ക് എത്തിച്ച്, മുകളിൽ പരാമർശിച്ച

സ്ഥലങ്ങളിലേക്ക് 2050 വരെ ശുദ്ധജലവിതരണം ചെയ്യാനാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

ഈയൊരു പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുവാൻ 27.10.2018 ലെ സ.ഉ (സാധാ) നം. 770/2018/ജ വിവ ഉത്തരവ് പ്രകാരം അനുമതിയായെങ്കിലും 23LL, 6LL ജലസംഭരണികൾക്കായുള്ള സ്ഥലം ഏറ്റെടുപ്പ്, സ്ഥലം ഉടമകളുടെയും പ്രദേശവാസികളുടെയും ശക്തമായ എതിർപ്പിനെ തുടർന്ന് ഉപേക്ഷിക്കേണ്ടി വന്നു. സമഗ്രമായ ഈ പദ്ധതിക്കായി ആദ്യഘട്ടത്തിൽ നാല് വ്യത്യസ്ത സർവേ നമ്പറുകളിലുള്ള സ്ഥലമാണ് അർത്ഥനാധികാരികൾ കണ്ടുവച്ചിരുന്നത്. അതിൽ ഒന്നാമത്തേത് 106/2 ലെ 35 സെൻറ് സ്ഥലം 23LL കപ്പാസിറ്റിയുള്ള ടാങ്ക് നിർമ്മിക്കാൻ ഉദ്ദേശിച്ചായിരുന്നു. ഇത് ഇവിടെ പ്രവർത്തിച്ചുവരുന്ന ശ്രീ നാരായണ ഗുരുകുലത്തിൻറെ കൈവശഭൂമിയാണ്

അതുപോലെ 115/3 ലെ 15 സെൻറ് സ്ഥലം 6LL ശേഷിയുള്ള സമ്പിനും പമ്പുഹൗസിനും വേണ്ടിയായിരുന്നു. മൈലാടിയിൽനിന്നു ഗ്രാവിറ്റി സ്കീമിൽ വെള്ളം ഇവിടത്തേക്ക് ഒഴുക്കികൊണ്ടുവരാൻ ഉദ്ദേശിച്ചായിരുന്നു. എന്നാൽ പ്രാദേശികമായ എതിർപ്പുകൾ കാരണം ഈ രണ്ടു സ്ഥലം ഏറ്റെടുക്കുന്നതിൽ നിന്നും പിന്മാറേണ്ടിവന്നു.

തുടർന്ന് 6LL ജലസംഭരണിക്കായി പാനൂർ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള മറ്റൊരു സ്ഥലം കണ്ടെത്തുകയും, അത് കേരളവാട്ടർ അതോറിറ്റിക്ക് കൈമാറാമെന്ന് മുൻസിപ്പൽ അധികൃതർ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

മൂന്നാമതായി പെരിങ്ങത്തൂർ വില്ലേജിലെ 161/1B2 സർവേനമ്പറിലെ 25 സെൻറ് സ്ഥലമാണ്. ഗ്രാവിറ്റി ലെവൽ ടാങ്കിൽനിന്ന് ഗ്രാവിറ്റിയിലൂടെവെള്ളം എത്തിച്ച് സംഭരിക്കുന്നതിനു 15LL കപ്പാസിറ്റിയുള്ള ടാങ്ക് നിർമ്മിക്കുന്നതിനാണ്. ഈ സ്ഥലം സംബന്ധിച്ച് തർക്കമോ എതിർപ്പോ ഇല്ല.

നാലാമതായി പടുവിലായി അംശത്തിലെ 52/2 സർവേ നമ്പറിലെ 2.5 സെൻറ് സ്ഥലമാണ്. ഇത് മൈലാടിയിൽ നിന്നും ഗ്രാവിറ്റി സ്കീമിലൂടെ , പമ്പുഹൗസിലേക്ക് വെള്ളം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാണ്. ഇത് കിണവക്കൽ- വേങ്ങാട് റോഡിൽ ഇരുപ്പൂക്കടവ് പാലത്തിനു സമീപം രണ്ടര മീറ്റർ വീതിയിൽ 40 മീറ്റർ നീളത്തിലുമാണ്.

ഇതിൽ 23LL ശേഷിയുള്ള ജലസംഭരണിക്കായാണ് ഇനി സ്ഥലം ആവശ്യമായി വരുന്നത്. അതിനാണ് 106/2 ലെ സ്ഥലം കണ്ടെത്തിയിരിക്കുന്നത്

വിഭാവനം ചെയ്യുന്ന രീതിയിൽ, ഈ പദ്ധതി പ്രവർത്തനം മുന്നോട്ടുപോയാൽ പാനൂർ മുൻസിപ്പാലിറ്റിയുടെയും സമീപപ്രദേശത്തുള്ള പഞ്ചായത്തുകളിലെയും ,

കുടിവെള്ള പ്രശ്നം പരിഹരിക്കാനും, അതുവഴി ജനങ്ങളുടെ പ്രയാസങ്ങൾ ഒരു പരിധിവരെ ദുരീകരിക്കുവാനും, വികസന കാര്യത്തിൽ ഏറെ ശ്രദ്ധ പതിപ്പിക്കാനും പ്രാദേശിക സർക്കാരുകൾക്ക് സാധ്യമാവുകയും ചെയ്യും.

## 2. സാമൂഹ്യ ആഘാത പഠന യൂണിറ്റിന്റെ ഘടന

തലശ്ശേരി - കൂത്തുപറമ്പ സംയോജിത കുടിവെള്ള പദ്ധതിക്കായി 23 LL സംഭരണശേഷിയുള്ള ജലസംഭരണി നിർമ്മിക്കുന്നതിനായി പെരിങ്ങളം വില്ലേജിലെ അണിയാരം ദേശത്തിലെ 106/2 ലെ 35 സെൻറ് സ്വകാര്യ വ്യക്തികളുടെ ഭൂമി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സാമൂഹ്യാഘാതങ്ങളെക്കുറിച്ചു പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരിക്കുന്നതു കണ്ണൂർ ബർണശ്ശേരി ആസ്ഥാനമായി കഴിഞ്ഞ 20 വർഷമായി പ്രവർത്തിച്ചുവരുന്ന Track A NGOആയ കയ്റോസ് (Kannur Association for Integrated Rural Organization and Support) കണ്ണൂരിനെയാണ്. ഈ ചുമതല നല്കപ്പെട്ടിരിക്കുന്നതു കണ്ണൂർ ജില്ലാ കളക്ടറുടെ 05.10.2021 ലെ DCKNR/12568/C-6 നടപടിക്രമപ്രകാരമാണ്. ഇത് സംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനം 2021 സെപ്റ്റംബർ 30 )ം തീയ്യതിയിലെ 2839 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പഠന യൂണിറ്റിന്റെ ഘടന താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പദവി |
|---|---|---|
| 1 | ഫാ.ഷൈജു പീറ്റർ (സോഷ്യോളജിസ്റ്റ്) | ചെയർമാൻ |
| 2 | ശ്രീ. കെ.വി.ചന്ദ്രൻ (റിട്ട.ഫിഷറീസ് ഡവ . ഓഫീസർ) | അംഗം |
| 3 | ശ്രീമതി. ജെസി റജി (ഡി.ടി.പി. ഓപ്പറേറ്റർ ) | അംഗം |
| 4 | ശ്രീ. പ്രസാദ് | ഓഫീസ് അസിസ്റ്റന്റ് |

**3. ഭൂനിർണ്ണയം സംബന്ധിച്ച് (Land Assessment)**

നേരത്തെ സൂചിപ്പിച്ചതുപോലെ 106/2 സർവേ നമ്പറിലെ, നാരങ്ങോളി ചിറക്കൽ രാമത്ത് താവഴി കാരണവർ കുഞ്ഞികൃഷ്ണൻ വലിയ നമ്പ്യാരുടെ ഉടമസ്ഥതയിലുമായിരുന്ന 67.93 ഏക്കർ ഭൂമിയിലെ ഏകദേശം 35 ഏക്കറോളം ഭൂമി 1975 കാലഘട്ടത്തിൽ 36 പേർക്കായി, 90 സെൻറ് മുതൽ ഒരേക്കർ വരെ, മിച്ചഭൂമിയായി പിടിച്ചെടുത്ത്, സർക്കാർ പതിച്ചു നൽകിയതാണ്. ഈ സ്ഥലത്തിന്റെ വടക്കു - പടിഞ്ഞാറ് ഭാഗത്ത് 500 മീറ്റർ റേഡിയസിൽ (ആരം) പരന്ന ചെങ്കൽ പാറപ്രദേശമാണ്. കിഴക്ക് - തെക്ക് ഭാഗത്ത് ഇത് 500-700 മീറ്ററോളം വരും. ഇത് കഴിഞ്ഞാൽ ചെറിയ തോതിലുള്ള ചെരിവിലൂടെ സമതലത്തിലേക്കെത്തിച്ചേരുന്ന പ്രകൃതിയാണ്.

ഈ സർവേനമ്പറിലെ 31.37 സെൻറ് സ്ഥലം 23LL കപ്പാസിറ്റിയുള്ള ജലസഭരണിക്കും, 3.63 സെൻറ് സ്ഥലം, ജലസംഭരണി നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തേക്ക് എത്തിച്ചേരുന്നതിന് മേക്കുന്ന് - കനകമല റോഡിൽ നിന്നും, ലിങ്ക് റോഡ് നിർമ്മാണത്തിനുമാണ്.

ഈ പദ്ധതി പ്രദേശത്തിന്റെ സമീപത്തായി ഏകദേശം 8 വർഷം മുൻപ് മൊബൈൽ സേവനദാതാക്കളായ ബി.പി.എൽ, ഏകദേശം 40 മീറ്റർ ഉയരത്തിലുള്ള ഒരു ഫിക്സഡ് ടവർ സ്ഥാപിച്ചിട്ടുണ്ട്. ടവർ സ്ഥാപിക്കുന്ന സമയത്ത് പ്രാദേശികമായി എതിർപ്പുകൾ ഉണ്ടായിരുന്നുവെങ്കിലും ടവറിന്റെ പ്രവൃത്തി പൂർത്തിയാക്കുകയും അത് ഇപ്പോൾ സേവനം നടത്തുകയും ചെയ്യുന്നു.

ഈ സംയോജിത കുടിവെള്ള പദ്ധതിക്കായി പെരിങ്ങളംവില്ലേജിലെ റീ സ 106/2 ലെ 35 സെന്റും , റീ സ 115/3 ലെ 15 സെന്റും , പെരിങ്ങത്തൂർ വില്ലേജിലെ 162/1B2 ലെ 25 സെന്റും , പടുവിലായി വില്ലേജിലെ 52/2 ലെ 2.5 സെൻറ് സ്ഥലവും ഏറ്റെടുക്കാനുദ്ദേശിക്കുന്നതായി, നേരത്തെ തന്നെ പരാമർശിച്ചിട്ടുണ്ട്. ഈ നാല് വ്യത്യസ്ത സ്ഥലങ്ങളിലെ ഭൂമി ഏതൊക്കെ ആവശ്യത്തിനാണെന്നതും നേരത്തെ പരാമർശിക്കപ്പെട്ടതിനാൽ ഇവിടെ വീണ്ടും വിശദീകരിക്കുന്നില്ല. പ്രാദേശികമായി എതിർപ്പുകൾ കാരണം 23LL ശേഷിയുള്ള ടാങ്കും, 6LL ടാങ്കും നിർമ്മിക്കാനുള്ള സ്ഥലം ഏറ്റെടുപ്പിൽ നിന്ന് പിന്മാറേണ്ടിവന്നതിനാലും, 6LL ടാങ്കിനായി പാനൂർ മുൻസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലം ലഭിച്ചതിനാലും, 23LL ശേഷിയുള്ള ടാങ്ക് നിർമ്മിക്കാനുള്ള സ്ഥലം മാത്രമേ ഏറ്റെടുക്കാനായി ബാക്കിയുള്ളു.

ഇത് 35 സെൻറ് സ്ഥലമാണ്. പെരിങ്ങളം വില്ലേജിൽ അണിയാരം ദേശത്ത്, മേക്കുന്ന് - കനകമല റോഡിൽ, നിലവിലെ വൊഡാഫോൺ - ഐഡിയ (ബി.പി.എൽ) മൊബൈൽ ഫിക്സഡ് ടവറിനു സമീപത്താണ്.

നിലവിൽ ഈ സ്ഥലം, നേരത്തെ വ്യക്തമാക്കിയതുപോലെ പരന്ന ചെങ്കൽപാറ പ്രദേശമാണ്. രേഖകളിൽ അസ്ഥിരം പുഞ്ചയായാണ് കാണിച്ചിട്ടുള്ളത്. ഇത് തരിശായികിടക്കുന്ന ഭൂമിയാണ്. ഒരു കൃഷിഭൂമിയല്ലാത്തതിനാൽ വിളകളെ

സംബന്ധിച്ചോ ജലസേചന സംവിധാനത്തെകുറിച്ചോ വിശദീകരിക്കുന്നില്ല. മിച്ചഭൂമിയായി സർക്കാർ പതിച്ചുനൽകിയ സ്ഥലമാണ്.
ഏറ്റെടുക്കപെടാൻ പോകുന്ന ഭൂമിയെക്കുറിച്ചും അതിന്റെ തരവും ഉടമസ്ഥതയും 4-f ൽ വിശദീകരിച്ചിട്ടുണ്ട്. ഈ പ്രദേശത്തു ആരും തന്നെ താമസിക്കുന്നില്ല. ഇവിടെ നിന്ന് ഏകദേശം 600 മീറ്റർ കിഴക്കായി ശ്രീനാരായണ ഗുരുകുലം കെട്ടിടം ഉണ്ടെന്ന് നേരത്തെ പരാമർശിച്ചിരുന്നു

## 4. പഠനോപാധികളും പഠന വിഷയങ്ങളും

### പഠനോപാധികൾ

തലശ്ശേരി - കൂത്തുപറമ്പ സംയോജിത കുടിവെള്ള പദ്ധതിക്കായി പെരിങ്ങളം അംശം അണിയാരം ദേശത്തിലെ കനകമലയിലെ 35 സെൻറ് സ്ഥലമാണ് ഏറ്റെടുക്കപ്പെടേണ്ടിയിരിക്കുന്നത്. ഇതിൽ 31.37 സെൻറ് സ്ഥലം ഒരു വ്യക്തിയുടെയും 3.63 സെൻറ് സ്ഥലം മറ്റു രണ്ടു വ്യക്തികളുടേതുമാണ്. ഈ സ്ഥലത്തിന്റെ സംബന്ധിച്ച സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് Participatory Observation, Participatory Rural Appraisal എന്നീ ടൂളുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ എല്ലാ ഭാഗത്തും സഞ്ചരിച്ച് ഫോട്ടോകൾ എടുത്ത് പ്രത്യേകതകൾ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്ഥലം സന്ദർശിക്കുന്ന സമയത്ത് ബന്ധപ്പെട്ട വാർഡ് കൗൺസിലർ, പെരിങ്ങളം വില്ലേജിലെ ഫീൽഡ് അസിസ്റ്റൻറ്, വാട്ടർ അതോറിറ്റിയുടെ അസി എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സഹകരണവും ലഭിച്ചിട്ടുണ്ട്. കൂടാതെ പൊതുഅവകാശം ഉന്നയിക്കാനുള്ള യോഗത്തിൽ കൂടുതൽ വ്യക്തത വരുത്താനും സാധിക്കും.

### സാമൂഹിക ആഘാത പഠനം നടത്തുമ്പോൾ, വിശകലനം ചെയ്യേണ്ട വിഷയങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

### a). പദ്ധതിയുടെ സ്വഭാവം/പൊതു ആവശ്യം

**ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനാണോ?**

ആമുഖത്തിൽ വ്യക്തമാക്കിയതുപോലെ ചൊക്ലി, മാങ്ങാട്ടിടം എന്നീ പഞ്ചായത്തുകളിലെയും, പാനൂർ മുനിസിപ്പാലിറ്റിയിലെയും, പറ്റുമെങ്കിൽ സമീപത്തുള്ള പന്ന്യന്നൂർ, മാങ്ങാട്ടിടം, മൊകേരി എന്നീ പഞ്ചായത്തുകളിലും കടുത്ത കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന ഏകദേശം ഒരു ലക്ഷം പേർക്ക് കുടിവെള്ളം നല്കാനുദ്ദേശിക്കുന്ന ഒരു സമഗ്ര സംയോജിത കുടിവെള്ള പദ്ധതിയാണിത്. ഇവിടെ ഈ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കാൻ അനുമതി

ആവശ്യപ്പെട്ടുകൊണ്ട് കേരളസർക്കാരിനെ സമീപിച്ചിരിക്കുന്നത് കേരളവാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ ആണ്. 1984 ഏപ്രിൽ 1 നു സ്ഥാപിതമായ ഒരു സ്വയംഭരണ സ്ഥാപനമാണിത്. കേരള സംസ്ഥാനത്തിലെ ജല വിതരണ പദ്ധതികൾ വികസിപ്പിക്കാനും, നിയന്ത്രിക്കാനും, മലിനജലം സംഭരിച്ച് ഒഴുക്കി കളയാനുമായി ഗവൺമെന്റിന്റെ പൂർണ്ണ ഉടമസ്ഥതയിൽ സ്ഥാപിച്ച ഒരു അധികാര കേന്ദ്രമാണിത്. അതിൽ നിന്നും കേരളജനതയുടെ കുടിവെള്ള പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കുന്നതിന് സർക്കാർ മുൻകൈയെടുത്ത് സ്ഥാപിച്ച പൊതുമേഖലാ സ്ഥാപനമാണിത് എന്ന വ്യക്തമാക്കുന്നു. ഈ സ്ഥാപനത്തിന് ഭൂമി ഏറ്റെടുക്കാൻ അനുമതിയും, ആവശ്യത്തിന് ഫണ്ടും നൽകുന്നത് കേരളസർക്കാരോ, സർക്കാരിന്റെ ധനസമാഹരണ വിഭാഗമായ കിഫ്ബിയോ ആണ്. പൊതുവെ നോക്കുകയാണെങ്കിൽ പദ്ധതി നടത്തിപ്പ് ചുമതലയും, അതിന് ഫണ്ട് ലഭ്യമാകുന്നതും, സർക്കാരോ, സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളോ ആണ്. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ പാനൂർ മുനിസിപ്പാലിറ്റിയിലെയും, സമീപ പഞ്ചായത്തുകളിലെയും സാധാരണ ജനമാണ്. ഇതിൽ നിന്നും ഈ കുടിവെള്ള പദ്ധതി സാധാരണ ജനവിഭാഗത്തിന് വേണ്ടിയാണെന്ന് വ്യക്തമാണല്ലോ. അതിനാൽ തന്നെ ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിന് തന്നെയാണ്.

**<u>b). പദ്ധതിക്കാവശ്യമായ ഭൂമി</u>**
**<u>ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരം</u>**

തലശ്ശേരി കൂത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതിക്കായി സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതും, പെരിങ്ങളം വില്ലേജിലെ റീ സ 106/2 ലെ 35 സെന്റും, 115/3 ലെ 15 സെന്റും, പെരിങ്ങത്തൂർ വില്ലേജിലെ 162/1B2 ലെ 25 സെന്റും, പടുവിലായി വില്ലേജിലെ 52/2 ലെ 2.5 സെൻറ് സ്ഥലവും ഏറ്റെടുക്കുന്നതിനായി 27.10.2018 സ.ഉ.(സാധാ) നം. 770/2018 ജ.വിവ നമ്പറിൽ സർക്കാർ ഉത്തരവ് ആയിരുന്നു. എന്നാൽ 23LL ജലസംഭരണിക്കായി 106/2 ലെ 35 സെൻറ് സ്ഥലവും, 6LL ജലസംഭരണിക്കായി 115/3 ലെ സ്ഥലവും ഏറ്റെടുക്കുന്നതിൽ സ്ഥലം ഉടമകളെയും പരിസരവാസികളുടെയും എതിർപ്പ് ശക്തമായതിനാൽ ഈ സ്ഥലം ഏറ്റെടുപ്പ് ഉപേക്ഷിച്ചിരുന്നു. 6LL ജലസംഭരണിക്കായി പാനൂർ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള വേറൊരു സ്ഥലം കണ്ടെത്തുകയും ഈ സ്ഥലം വാട്ടർ അതോറിറ്റിക്ക് വിട്ടുകൊടുക്കാമെന്ന് മുനിസിപ്പൽ അധികൃതർ അറിയിക്കുകയും ചെയ്തതാണ്. തുടർന്ന് 23LL ശേഷിയുള്ള ജലസംഭരണിക്കും അതിലേക്ക് പ്രവേശന മാർഗത്തിനുമായി പെരിങ്ങളം വില്ലേജിലെ 106/2 സർവ്വേനമ്പറിലെ 35 സെൻറ് സ്ഥലം ഏറ്റെടുക്കാനുമാണ് ഉദ്ദേശിക്കുന്നത്.

<u>ഭൂമി സംബന്ധിച്ച വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.</u>

| ക്രമ നമ്പർ | വില്ലേജ് | സർവേനമ്പർ | വിസ്തീർണം |
|---|---|---|---|
| 1 | പെരിങ്ങളം | 106/2 | 31.37 സെൻറ് |
| 2 | പെരിങ്ങളം | 106/2 | 3.63 സെൻറ് |
| | | ആകെ | 35 സെൻറ് |

<u>ഭൂമിയുടെ സ്വഭാവം</u>

തലശ്ശേരി - കൂത്തുപറമ്പ സംയോജിത കുടിവെള്ള പദ്ധതിക്ക് വേണ്ടി 23LL സംഭരണശേഷിയുള്ള ടാങ്ക് നിർമ്മിക്കുന്നതിനായാണ്, പെരിങ്ങളം വില്ലേജിലെ അണിയാരം ദേശത്തുള്ള കനകമലയിലെ 106/2 സർവേ നമ്പറിൽപെട്ട 35 സെൻറ് സ്ഥലം ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. ഇത് ഒരു ചെങ്കൽ പാറപ്രദേശമാണ്. ഈ സ്ഥലത്തിന് തൊട്ടടുത്തായിത്തന്നെ വൊഡാഫോൺ - ഐഡിയയുടെ ഒരു മൊബൈൽ ഫിക്സഡ് ടവർ കഴിഞ്ഞ 8 വർഷമായി സ്ഥാപിക്കപ്പെട്ട് പ്രവർത്തിച്ചു വരുന്നുണ്ട്.

ഈ സ്ഥലം നേരത്തെ വ്യക്തമാക്കിയതുപോലെ 1975 കാലഘട്ടത്തിൽ ഭൂരഹിതരായ 36 പേർക്ക് മിച്ചഭൂമിയായി പതിച്ചു നൽകിയ വസ്തുവിൽപെട്ടതാണ്. ഈ സർവേ നമ്പറിലുള്ള സ്ഥലം മുഴുവനും നാരങ്ങോളിചിറക്കൽ രാമത്ത് താവഴി കാരണവർ കുഞ്ഞികൃഷ്ണൻ വലിയ നമ്പ്യാരുടെ ജന്മമായിരുന്നു. ഉയർന്ന കുന്നിൻപ്രദേശമായതിനാലും ശ്രീ നാരായണ ഗുരുകുലത്തിൻറെ ആശ്രമം സ്ഥിതി ചെയ്യുന്നതിനാലും സഞ്ചാരികൾ ഇഷ്ടപെടുന്ന ഒരു പ്രദേശമാണിത്. ആദികാവ്യമായ രാമായണത്തിൽ പരാമർശിക്കുന്ന, ലങ്കാവിജയത്തിനുശേഷം സീതാസമേതനായി വരുന്ന രാമനെയും അനുജൻ ലക്ഷ്മണനെയും സ്വീകരിക്കാനായി, ഈ പ്രദേശത്തു തപസ്സനുഷ്ഠിച്ചു താമസിച്ചിരുന്ന കനകൻ എന്ന മഹർഷി, കനകദ്രവ്യങ്ങളുമായി കാത്തിരുന്നു എന്നും, വഴിതെറ്റിയ രാമനും സംഘവും ഇവിടെ എത്താത്തതിനാൽ , അവരെ സ്വീകരിക്കാനാകാതെ നിരാശനായ മഹർഷി മുഴുവൻ ദ്രവ്യങ്ങളും മണ്ണിൽ കുഴിച്ചു മൂടി സമാധിയായ സ്ഥലമാണ് കനകമല എന്നു പറയപ്പെടുന്നു. ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഏകദേശം 600 മീറ്റർ കിഴക്ക് ഭാഗത്തായിട്ടാണ് ശ്രീനാരായണ ഗുരുകുല ആശ്രമം സ്ഥിതിചെയ്യുന്നത്. അസ്ഥിരം പുഞ്ചയായി കാണിച്ചിരിക്കുന്ന സ്ഥലം ചെങ്കൽ പാറപ്രദേശമാണ്.

നിർദിഷ്ടപ്രദേശത്ത് ചെറിയ ചെറിയ കാട്ടുചെടികളും, വള്ളിപ്പടർപ്പുകളും നാലഞ്ചു അക്കേഷ്യ മരങ്ങളും, കശുമാവുകളും മാത്രമാണ് ഉള്ളത്.

**c). പകരം ഭൂമി ലഭ്യത**

തലശ്ശേരി - കൂത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതിക്കായി ആദ്യഘട്ടത്തിൽ പെരിങ്ങളം വില്ലേജിലെ 106/2 ലെ 35 സെൻറ് ഭൂമിയും , 115/33 ലെ 15 സെൻറ് ഭൂമിയും പെരിങ്ങത്തൂർ വില്ലേജിലെ 25 സെൻറ് ഭൂമിയും പടുവിലായി വില്ലേജിലെ 2.5 സെൻറ് ഭൂമിയുമാണ് ഏറ്റെടുക്കാൻ ഉദ്ദേശിച്ചിരുന്നത്. ഇത് ജലസംഭരണിയും സമ്പും, പമ്പ് ഹൗസും, ഗ്രാവിറ്റി പൈപ്പ് ലൈനും സ്ഥാപിച്ച് ശുദ്ധജലവിതരണം നടത്തുന്ന ബ്രഹത്പദ്ധതിക്കു വേണ്ടിയായിരുന്നു. എന്നാൽ പെരിങ്ങളം വില്ലേജിലെ 23LL, 6LL ജലസംഭരണികൾക്കായി കണ്ടുവച്ചിരുന്ന 50 സെൻറ് ഭൂമി, സ്ഥലം ഉടമകളുടെയും പരിസരവാസികളുടെയും ശക്തമായ എതിർപ്പിനെ തുടർന്ന്, പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിൽ നിന്ന് പിൻവാങ്ങി, തുടർന്ന് 6LL സംഭരണിക്കായി പാനൂർ മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള സ്ഥലം വിട്ടുനൽകാമെന്ന് അറിയിച്ച സാഹചര്യത്തിൽ , 23LL ജലസംഭരണി സ്ഥാപിക്കാനായാണ് 106/2 ലെ 35 സെൻറ് സ്ഥലം ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. പെരിങ്ങളം വില്ലേജിലെ അണിയാരം ദേശത്തുള്ള 106/2 സർവേ നമ്പറിലെ 67.93 ഏക്കർ ഭൂമിയിലെ ഏകദേശം 35 ഏക്കറോളം ഭൂമി 1975 കാലഘട്ടത്തിൽ 36 പേർക്കായി 90 സെൻറ് മുതൽ ഒരേക്കർ വരെയായി പതിച്ചു നൽകിയതിൽപെട്ട സ്ഥലമാണ്. നാരങ്ങോളി ചിറക്കൽ രാമത്ത് താവഴി കാരണവർ കുഞ്ഞികൃഷ്ണൻ വലിയ നമ്പ്യാരുടെ ഉടമസ്ഥതയിലായിരുന്നു ഈ സ്ഥലം മുഴുവൻ.

പാനൂർ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന, ഏറ്റവും ഉയരം കൂടിയ പ്രദേശമായ കനകമലയുടെ ഒരു ഭാഗമാണ് ഇത്. (സമുദ്രനിരപ്പിൽനിന്ന് ഏകദേശം 150 മീറ്റർ ഉയരത്തിൽ കിടക്കുന്നു). ഈ ശുദ്ധജല പദ്ധതിയുടെ സ്രോതസ്സായ മൈലാടിയിൽനിന്ന് 35 കി മി അകലത്തായാണ് ഈ സ്ഥലം സ്ഥിതി ചെയ്യുന്നത്. പാനൂർ മുനിസിപ്പാലിറ്റിയെയും സമീപ പഞ്ചായത്തുകളിലെയും ഏകദേശം ഒരു ലക്ഷത്തോളം പേർക്ക് കുടിവെള്ളം എത്തിക്കുന്നതിനായി 23LL സംഭരണശേഷിയുള്ള ഒരു ടാങ്ക് നിർമ്മിക്കുന്നതിനായാണ് ഈ സ്ഥലം ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. പദ്ധതി ഗുണഭോക്തൃ പ്രദേശത്തിന്റെ ഏകദേശം മധ്യത്തിലായി ഇത്രയും ഉയരത്തിൽ, അനുയോജ്യമായ മറ്റൊരു സ്ഥലം ലഭിക്കാനുള്ള സാധ്യത തീരെ ഇല്ല. മേക്കുന്ന് - കനകമല റോഡിനു വളരെ സമീപത്തായി പരന്നു കിടക്കുന്ന ചെങ്കൽപാറ പ്രദേശമാണിത്. ഗ്രാവിറ്റി സ് കീമിൽ, ഇത്രയും ബ്രഹത്തായ ഒരു കുടിവെള്ള പദ്ധതി സംഭരണ ടാങ്ക് ഈ പ്രദേശത്തു നിർമ്മിച്ചാൽ മാത്രമേ ഉദ്ദേശിക്കുന്ന നേട്ടം ലഭ്യമാകൂ. ഈ കുടിവെള്ള പദ്ധതിയുടെ അനുബന്ധമായിട്ടുള്ള പമ്പ് ഹൗസും, സമ്പും മറ്റും സ്ഥാപിക്കപ്പെടുന്നത് ഈ പ്രദേശത്തിന്നടുത്തുതന്നെയാണ്. അതിനാൽ തന്നെ പകരം ഭൂമി ലഭ്യതയെക്കുറിച്ച് പരിഗണിക്കേണ്ടതില്ല.

ഇതുകൂടാതെ, ഏകദേശം എട്ടുവർഷം മുൻപ്, ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന് സമീപത്തായി മൊബൈൽ സേവന ദാതാക്കളായ ബി.പി.എൽ ഒരു മൊബൈൽ ഫിക്സഡ് ടവർ സ്ഥാപിച്ചിരുന്നു. ഇത് സ്ഥാപിക്കാൻ വേണ്ടി, പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ച സമയത്ത്, പ്രദേശത്തുകാർ എതിർപ്പ് ഉയർത്തിയിരുന്നെങ്കിലും, പിന്നീട് ആ എതിർപ്പുകൾ ഇല്ലാതാവുകയും ചെയ്തു. ഈ ടവർ കൊണ്ട് പ്രദേശവാസികൾക്കോ സമീപത്തുള്ള സ്ഥലം ഉടമകൾക്കോ യാതൊരു തരത്തിലുള്ള പ്രയാസവും ഇപ്പോൾ ഇല്ല എന്നറിയാൻ കഴിഞ്ഞു.

**d). ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിലെ കൃഷികൾ**

ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം, നിലവിലുള്ള വൊഡാഫോൺ - ഐഡിയ മൊബൈൽ ഫിക്സഡ് ടവറിനു സമീപത്തുള്ള 35 സെൻറ് സ്ഥലം, പൊതുവെ ചെറിയ കുറ്റിക്കാടുകളും വള്ളി പടർപ്പുകളും ഉള്ള സ്ഥലമാണ്. ഇത് കൂടാതെ ഇവിടെ മൂന്നുനാല് അക്കേഷ്യ മരങ്ങളും, ചെറിയ നാല്കശുമാവുകളുമാണ്. ഇതൊന്നും കൃഷി എന്ന നിർവചനത്തിൽപെടുത്താനാവില്ല. ഉള്ള കശുമാവുകൾ തന്നെ, സീസണിൽ കായ്ഫലം ഉണ്ടാവാനുള്ള പ്രായം ആവാത്തതാണ്.

**e). ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിലെ സ്ഥാപനങ്ങൾ**

ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം, നേരത്തെ വ്യക്തമാക്കിയതുപോലെ ചെങ്കൽ പാറപ്രദേശമാണ്. ഇത് ഒഴിഞ്ഞു കിടക്കുന്ന പ്രദേശമായതിനാൽ തന്നെ ഇവിടെ ഒരു തരത്തിലുമുള്ള സ്ഥാപനങ്ങളുമില്ല.

**f). ഭൂവുടമകളെ സംബന്ധിച്ച വിവരങ്ങൾ**

ഭൂവുടമകളെ സംബന്ധിച്ച വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | ഭൂമിയുടെ ഉടമസ്ഥൻ | വിസ്തീർണം | സ്വഭാവം |
|---|---|---|---|
| 1 | മീത്തലെക്കാട്ടിൽ അനന്തൻ | 31.37 സെൻറ് | അസ്ഥിരം പുഞ്ച |
| 2 | തേക്കിലയിൽ ശ്രീധരൻ | 3.63 സെൻറ് | അസ്ഥിരം പുഞ്ച |
| 3 | കക്കുയിൽപറമ്പത്ത് കൃഷ്ണൻ | | അസ്ഥിരം പുഞ്ച |
| | ആകെ | 35 സെൻറ് | |

## 5. കണ്ടെത്തലുകൾ

പാനൂർ മുനിസിപ്പാലിറ്റിയിലും സമീപ ഗ്രാമപഞ്ചായത്തുകളിലും അധിവസിക്കുന്ന ഏകദേശം ഒരു ലക്ഷത്തോളം വരുന്ന സാധാരണ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് സർക്കാരും സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കിഫ്ബിയും സർക്കാർ സ്ഥാപനമായ വാട്ടർ അതോറിറ്റിയും ചേർന്നാണ് ഈ ഒരു സംയോജിത കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നത്. പൊതു ഖജനാവിൽനിന്നുള്ള പണമുപയോഗിച്ച് പൊതു സമൂഹത്തിനു വേണ്ടി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്.

## 6. <u>പൊതുഅവകാശവാദം കേൾക്കൽ.</u>

തലശ്ശേരി - കൂത്തുപറമ്പ സംയോജിത കുടിവെള്ള പദ്ധതിക്കായി 23 LL സംഭരണശേഷിയുള്ള ജലസംഭരണി നിർമ്മിക്കുവാനും പദ്ധതി സ്ഥലത്തേക്ക് പ്രവേശനമാർഗ്ഗത്തിനുമായി പെരിങ്ങളം അംശം അണിയാരം ദേശത്തിലെ കനകമലയിലെ സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള 35 സെൻറ് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പൊതുകേൾക്കൽ യോഗം 22.10.2021 നു മേക്കുന്ന് വി. പി. സത്യൻ മെമ്മോറിയൽ ഹാളിൽ രാവിലെ 11:30 മണിക്ക് ചേർന്നു. പ്രസ്തുത യോഗത്തിൽ കയ്റോസ് പ്രതിനിധികളടക്കം 10 പേർ ഹാജരായിരുന്നു.

യോഗത്തിൽ സന്നിഹിതരായവരെ സ്വാഗതം ചെയ്തുകൊണ്ട് ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെ കുറിച്ച് പഠന യൂണിറ്റ് അംഗം ശ്രീ കെ.വി. ചന്ദ്രൻ വിശദീകരിച്ചു. തുടർന്ന് അഭിപ്രായങ്ങൾ ഉന്നയിക്കുന്നതിനായി തല്പര കക്ഷികളെ ക്ഷണിച്ചു.

1. ശ്രീ മീത്തലെക്കാട്ടിൽ അനന്തൻ (ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന 35 സെൻറ് സ്ഥലത്തിൽ 31.37 സെന്ററിന്റെ ഉടമ )

സ്ഥലം വിട്ടു നല്കാൻ തയാറാണ്. ഭൂമിക്ക് എത്രവിലയാണ് കിട്ടുക എന്നറിയില്ല. അത് വ്യക്തമാക്കപ്പെടണം. എനിക്ക് ന്യായമായ വില ലഭിക്കണം

2. ശ്രീ അൻസാർ കെ ( വാർഡ് 33 കൗൺസിലർ)

ഈ ജലസംഭരണി മൂലം ഏതെങ്കിലും തരത്തിലുള്ള ആഘാതമോ അന്തരീക്ഷ മലിനീകരണമോ ഉണ്ടാകുമോ? ചെറിയ തരത്തിലുള്ള എതിർപ്പ് ഇവിടെ ഉണ്ടായിരുന്നു.

യോഗത്തിൽ ഹാജരായ വാട്ടർ അതോറിറ്റി മട്ടന്നൂർ പ്രൊജക്റ്റ് ഡിവിഷനിലെ എക്സി. എൻജിനീയർ, അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, പെരിങ്ങളം വില്ലേജ് ഓഫീസർ എന്നിവർ സാങ്കേതികമായ സംശയങ്ങൾക്ക് വ്യക്തമായ മറുപടി നൽകി.

ശ്രീ കക്കുയിൽപറമ്പത്ത് കൃഷ്ണൻ എന്ന ഭൂവുടമ ബൈപാസ് സർജറി കഴിഞ്ഞതിനാൽ, വീട്ടിൽനിന്നു പുറത്തിറങ്ങാൻ പറ്റാത്ത സാഹചര്യത്തിലാണെന്നും, മറ്റൊരു ഭൂവുടമായ ശ്രീ തേക്കിലയിൽ ശ്രീധരൻ പ്രായാധിക്യം കാരണവും കോവിഡ് സാഹചര്യം മൂലവും യോഗത്തിൽ പങ്കെടുക്കാൻ പ്രയാസമാണെന്നും അറിയിച്ചിരുന്നു. യോഗ നടപടി ക്രമം 1 മണിക്ക് അവസാനിച്ചതിന് ശേഷം ഈ രണ്ടു പേരെയും അവരവരുടെ താമസസ്ഥലത്തു ചെന്ന് കണ്ടു പൊതുകേൾക്കൽ യോഗത്തെ കുറിച്ച് സംസാരിച്ചിരുന്നു. ജലസംഭരണി സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലത്തേക്ക് പ്രവേശന മാർഗത്തിന്നായുള്ള ഈ രണ്ടുപേരുടെയും ഉടമസ്ഥതയിലുള്ള 106/2 ലെ 3.63 സെന്റും വിട്ടു നൽകുന്നതിന് കാര്യമായ എതിർപ്പൊന്നും ഉന്നയിച്ചിരുന്നില്ല.

പൊതു കേൾക്കൽ യോഗത്തിൽ ഉയർന്നു വന്ന നിർദേശങ്ങൾ അർത്ഥനാധികാരിയായ കേരള വാട്ടർ അതോറിറ്റി മട്ടന്നൂർ പ്രൊജക്റ്റ്

ഡിവിഷൻ എക്സി. എൻജിനീയർക്ക് അഭിപ്രായത്തിനായി അയച്ചു കൊടുത്തിരുന്നു. 30.11.2021 ലെ KWA/PRDN/MTR/D2-1106/2016 നമ്പറായി നൽകിയ മറുപടിയിൽ പ്രത്യേക അഭിപ്രായം ഒന്നും രേഖപ്പെടുത്താതെ, സംതൃപ്തരാണ് എന്ന് അറിയിച്ചിട്ടുണ്ട്.

**ഭാഗം-2**

## പദ്ധതിയുടെ സാമൂഹ്യ ആഘാതങ്ങൾ

തലശ്ശേരി - കൂത്തുപറമ്പ സംയോജിത കുടിവെള്ള പദ്ധതിക്കായി 23 LL കപ്പാസിറ്റി ഉള്ള ജലസംഭരണി നിർമ്മിക്കുന്നതിനായി പെരിങ്ങളം വില്ലേജിലെ അണിയാരം ദേശത്തിലെ കനകമലയിലെ 106/2 സർവേ നമ്പറിൽപെട്ട 35 സെൻറ് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച സാമൂഹ്യ ആഘാതങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

### a. തൊഴിലിനുണ്ടാകുന്ന ആഘാതം

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന 35 സെൻറ് സ്ഥലം പരന്നു കിടക്കുന്ന ചെങ്കൽ പാറപ്രദേശമാണ്. ഇവിടെ അല്പം ചില അക്കേഷ്യാമരങ്ങളും മൂന്നുനാലു ചെറിയ കശുമാവും ഒഴികെ, മുൾപടർപ്പുകൾ മാത്രമുള്ള സ്ഥലമാണ്. ഈ സ്ഥലത്തെ ആശ്രയിച്ച് ആരും ഒരു തൊഴിലിലും ഏർപ്പെടുന്നില്ല എന്നറിയാൻ കഴിഞ്ഞു. അതുകൊണ്ടുതന്നെ തൊഴിലിനു യാതൊരു ആഘാതവും ഉണ്ടാകുന്നില്ല.

### b. വരുമാനത്തിനുള്ള ആഘാതം

മുകളിൽ വ്യക്തമാക്കിയതുപോലെ, കാര്യമായ അനുഭവങ്ങൾ ഒന്നും തന്നെ ലഭിക്കാത്ത ചെങ്കൽ പാറപ്രദേശമാണിത്. മൂന്നോ നാലോ ചെറിയ അക്കേഷ്യ മരങ്ങളും, സീസണിൽ കായ്ഫലം തരാൻ പ്രായമാകാത്ത മൂന്നു, നാല് കശുമാവിൻ തൈകളും ഒഴികെ മറ്റൊന്നുംതന്നെ ഈ സ്ഥലത്തില്ല . അതിനാൽ തന്നെ ഈ സ്ഥലത്തു നിന്ന് ഉടമകൾക്ക് ഒരു തരത്തിലുള്ള വരുമാനവും ലഭിക്കുന്നില്ല. അതുകൊണ്ടു തന്നെ വരുമാനത്തിന് ആഘാതം ഉണ്ടാകുന്നില്ല.

### c. പാരിസ്ഥിതിക ആഘാതം

106/2 ൽ ആകെയുള്ളത് 67.93 ഏക്കർ ഭൂമിയാണ്. ഇത് മേക്കുന്ന് - കനകമല റോഡിൻറെ ഇരുവശത്തായാണ് കിടക്കുന്നത്. സമുദ്ര നിരപ്പിൽനിന്ന് ഏകദേശം 150 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന കനകമല, മൊത്തത്തിൽ 116 ഏക്കറോളം വരും.ഈ സ്ഥലത്തിന് സമീപത്തായി, വൊഡാഫോൺ-ഐഡിയയുടെ ഒരു മൊബൈൽ ഫിക്സഡ് ടവർ 8 വർഷമായി പ്രവർത്തിച്ചുവരുന്നുണ്ട്. ടവർ സ്ഥാപിക്കുന്ന സമയത്ത്, ജനവാസപ്രദേശങ്ങളിൽ സ്ഥാപിക്കുമ്പോളുണ്ടാകുന്നതുപോലെ എതിർപ്പ് ഉയർന്നിരുന്നെങ്കിലും പിന്നീട്

അത് ഇല്ലാതായി. സ്ഥാപിച്ചതിനുശേഷം, ഇത് സംബന്ധിച്ച് നാട്ടുകാർക്കോ സമീപ സ്ഥലമുടമകൾക്കോ പ്രയാസം ഒന്നും ഉണ്ടായിട്ടില്ല എന്നറിയാൻ കഴിഞ്ഞു. 8 വർഷം മുൻപുതന്നെ ഇവിടുത്തെ മണ്ണിന്റെ ഘടന പരിശോധിച്ചായിരിക്കും ഐഡിയ അവരുടെ ടവർ നിർമ്മിച്ചിരിക്കുന്നത്. ചെങ്കൽ പാറപ്രദേശമെന്നാൽ ഉറച്ച മണ്ണുള്ള പ്രദേശമാണല്ലോ. ഇവിടെ നാലോളം അക്കേഷ്യ മരങ്ങളും അത്ര തന്നെ ചെറിയ കശുമാവുകളും അല്പം മുൾച്ചെടികളും മാത്രമാണുള്ളത്. അതുകൊണ്ടുതന്നെ ഈ സ്ഥലം ഏറ്റെടുക്കൽ പരിസ്ഥിതി പ്രശ്നങ്ങൾ ഒന്നും തന്നെ ഉണ്ടാക്കുന്നില്ല.

**d. <u>പൊതു ഇടങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന ആഘാതം</u>**

ഏറ്റെടുക്കാനുദ്ദേശിക്കുന്ന 35 സെൻറ് സ്ഥലത്തു പൊതു ഇടങ്ങളോ സ്ഥാപനങ്ങളോ ഒന്നുമില്ല എന്ന് അറിയിക്കുന്നു. ഇത് വിസ്തൃതമായ ചെങ്കൽ പാറപ്രദേശത്തിൻറെ ഭാഗമാണ്. അതിനാൽ തന്നെ സ്ഥലം ഏറ്റെടുക്കുന്നത് മൂലം പൊതുഇടങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ യാതൊരു തരത്തിലുള്ള ആഘാതവും ഉണ്ടാക്കുന്നില്ല എന്ന് വ്യക്തമാക്കുന്നു.

## <u>ഭാഗം-3</u>

**<u>സാമൂഹ്യ ആഘാത പരിഹാരം(Mitigation to the Impacts)</u>**

തലശ്ശേരി - കൂത്തുപറമ്പ സംയോജിത കുടിവെള്ള പദ്ധതിക്കായി പെരിങ്ങളം അംശം അണിയാരം ദേശത്തിലെ കനകമലയിലെ സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള R.S 106/2 ലെ 35 സെൻറ് സ്ഥലം ഏറ്റെടുക്കുന്നതു സംബന്ധിച്ച സാമൂഹ്യ ആഘാത പരിഹാര റിപ്പോർട്ട്.

**a). തൊഴിൽ**

ഈ സ്ഥലം ഏറ്റെടുക്കുന്നത് മൂലം തൊഴിലിനു ആഘാതം ഉണ്ടാകുന്നില്ല എന്ന് റിപ്പോർട്ട് ചെയ്തിരുന്നു. അതിനാൽ പ്രത്യേക പരിഹാര നിർദേശങ്ങൾ ഒന്നുമില്ല

**b). വരുമാനം**

പ്രത്യേക പരാമർശം അർഹിക്കുന്ന യാതൊരു തരത്തിലുള്ള അനുഭവങ്ങളും ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തില്ല എന്ന് വ്യക്തമാക്കിയതാണ്. അതിനാൽ പ്രത്യേക പരിഹാര നിർദേശങ്ങൾ ഒന്നുമില്ല

**c). പരിസ്ഥിതി**

ഏകദേശം 68 ഏക്കർ വിസ്തൃതിയയുള്ള ഈ പ്രദേശത്തുനിന്ന് കേവലം 35 സെന്റ് സ്ഥലം മാത്രമാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. അതിനാൽ തന്നെ ഇവിടുത്തെ നീർമറി സ്വഭാവത്തെ ഈ സ്ഥലമെടുപ്പ് സ്വാധീനിക്കുന്നില്ല. കൂടാതെ, ഈ നിർമ്മിതി ഭൂമിയിലേൽപ്പിക്കുന്ന ആഘാതം $5t/m^2$ മാത്രമാണെന്ന് അറിയാൻ സാധിച്ചു. അത് സാധാരണയായി ഒരു വീട്

നിർമ്മിക്കുമ്പോളുണ്ടാകുന്ന സമ്മർദ്ദത്തിന് സമാനമാണ്. അതിനാൽ തന്നെ പരിസ്ഥിതി ആഘാതം ഒന്നും തന്നെ ഉണ്ടാകുന്നില്ല. അതിനാൽ

**d). പൊതു ഇടങ്ങൾ, സ്ഥാപനങ്ങൾ**

ഏറ്റെടുക്കാനുദ്ദേശിക്കുന്നത് തരിശായ ഒരു ചെങ്കൽ പാറ പ്രദേശമാണ്. ഇവിടെ പൊതു ഇടങ്ങളോ സ്ഥാപനങ്ങളോ ഒന്നും തന്നെ ഇല്ല. ആകെയുള്ള ഏകദേശം 15 മീറ്റർ അകലെയുള്ള 8 വർഷത്തിലധികമായി പ്രവർത്തിച്ചു വരുന്ന ബി.പി.എല്ലിന്റെ മൊബൈൽ ഫിക്സഡ് ടവർ ആണ്. ഈ ടവർ പൊതു ഇടങ്ങളിലോ സ്ഥാപനങ്ങളിലോ ഉൾപ്പെടുന്നില്ല. അതിനാൽ തന്നെ പ്രത്യേക പരിഹാര നിർദേശങ്ങൾ ഒന്നുമില്ല.

ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം മൂന്നു സ്വകാര്യവ്യക്തികളുടേതാണ്. ഇവർക്ക് സ്ഥലം വിട്ടു നല്കാൻ താൽപര്യക്കുറവൊന്നുമില്ല. ന്യായമായ നഷ്ടപരിഹാരം ലഭിക്കണമെന്നതാണ് അവരുടെ പ്രധാന ആവശ്യം. നിയമത്തിനും ചട്ടത്തിലും അനുശാസിക്കുന്ന രീതിയിലുള്ള നഷ്ടപരിഹാരം നൽകാൻ ബന്ധപ്പെട്ട അധികാരികളിൽ നിന്നും നടപടിയുണ്ടാകണം

<u>**ഭാഗം- 4**</u>

<u>**ശുപാർശ**</u>

ചൊക്ലി, മാങ്ങാട്ടിടം എന്നീ ഗ്രാമപഞ്ചായത്തുകളിലെയും, പാനൂർ മുനിസിപ്പാലിറ്റിയിലെയും കുടിവെള്ളക്ഷാമം അനുഭവിച്ചു വരുന്ന ഏകദേശം ഒരു ലക്ഷം പേർക്ക് കുടിവെള്ളം നൽകാൻ ഉദ്ദേശിക്കുന്ന തലശ്ശേരി - കൂത്തുപറമ്പ സംയോജിത കുടിവെള്ള പദ്ധതിക്കായി 23LL സംഭരണശേഷിയുള്ള ടാങ്ക് നിർമ്മിക്കാനാണ് ഈ സ്ഥലം ഏറ്റെടുക്കുന്നത്. ഏറ്റവും പുണ്യമായ പ്രവൃത്തി ഏതാണെന്ന് പ്രവാചകനായ നബി തിരുമേനിയോട് ഒരു വിശ്വാസി ചോദിച്ചപ്പോൾ, അതിനു മറുപടിയായി പറഞ്ഞത് കുടിവെള്ളം നൽകുക എന്നാണ്. അതുകൊണ്ടുതന്നെ മേൽ സൂചിപ്പിച്ച പ്രദേശങ്ങളിലെ ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം എത്തിക്കാനും അതിലൂടെ അവരുടെ ആരോഗ്യം സംരക്ഷിക്കാനും, അവരുടെ അധ്വാനശേഷി വർധിപ്പിക്കാനും അതുവഴി പ്രാദേശിക സാമ്പത്തിക വികസനത്തിന് ഗതിവേഗം വർധിപ്പിക്കാനും ഉതകുന്ന പദ്ധതിയുടെ ഭാഗമായി ഈ ടാങ്ക് നിർമ്മിക്കാൻ സ്ഥലം ഏറ്റെടുക്കുന്നതുമൂലം തൊഴിലിനോ, വരുമാനത്തിനോ, പരിസ്ഥിതിക്കോ, പൊതു ഇടങ്ങൾക്കോ സ്ഥാപനങ്ങൾക്കോ ഒരു തരത്തിലുള്ള ആഘാതവും ഉണ്ടാകുന്നില്ല. അതിനാൽ ഈ സ്ഥലം ഏറ്റെടുപ്പ് പദ്ധതിയുമായി മുന്നോട്ടു പോകാവുന്നതാണ്.

**01.12.2021**

**ചെയർമാൻ**
**സാമൂഹ്യാഘാത പഠനയൂണിറ്റ്**
**(കയ്റോസ്, കണ്ണൂർ )**

## അനുബന്ധം



കയ്റോസ് പ്രതിനിധിയും, വാട്ടർ അതോറിറ്റി, വില്ലേജ് പ്രതിനിധികളും, വാർഡ് കൗൺസിലറും ചേർന്ന് സ്ഥലം സന്ദർശിക്കുന്നു.





പൊതു അവകാശവാദയോഗം





ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമി





മൊബൈൽ ഫിക്സഡ് ടവർ



സമീപ ചെങ്കൽ പാറപ്രദേശം



ശ്രീ നാരായണ ഗുരുകുലം